**ഭരണഭാഷ-മാതൃഭാഷ**

എ5/11339/റ്റിസി/2012

ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം, കേരളം
തിയതി 20.05.2017

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡിറ്റിസി, ആർട്ടിഓ, ജോയിന്റ് ആർട്ടിഓ
എല്ലാ ചെക്ക് പോസ്റ്റുകൾ

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – ഓഫീസിൽ ഐ ഡി കാർഡ് ധരിക്കുന്നത് – സംബന്ധിച്ച്

സൂചന :-
1. ശ്രീ ജീവൻ കുമാർ സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നൽകിയ നിവേദനം
2. ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച സർക്കുലർ 02/2012
3. 7318/ആറ്.13(2)/16/പി&എ ആർഡി എന്ന 18.08.2016-ലെ സർക്കാർ സർക്കുലർ

മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസിൽ എത്തുന്ന പൊതുജനങ്ങൾക്ക് ജീവനക്കാരയും എജന്റ്മാരെ ജീവനക്കാരായി തെറ്റിധരിക്കുന്ന സാഹചര്യം ഉണ്ടാകുന്നുവെന്നും ജീവനക്കാരെ തിരിച്ചറിയുവാനായി ഐ ഡി കാർഡ് നിർബന്ധമായി ധരിക്കണം എന്നും അപേക്ഷിച്ച്കോണ്ട് ശ്രീ ജീവൻ കുമാർ നൽകിയ അപേക്ഷ ചീഫ് സെക്രട്ടറിക്ക് നൽകിയ നിവേദനം ഈ ഓഫീസിലേക്ക് അയച്ച് തന്നിട്ടുണ്ട്. പ്രസ്തുത പരാതി പരിശൊധിച്ചതിന്റെ അടിസ്ഥാനത്തിൽ തഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന 2 പ്രകരമുള്ളള പരിപത്രപ്രകാരം 2012-ൽ തന്നെ വകുപ്പിൽ ബയോമെട്രിക്ക് ഹാജർ സംവിധാനം നടപ്പിലാക്കുകയും ഇതോടൊപ്പൽ ജീവനക്കാർക്ക് സ്മാർട്ട് ഐ ഡി കർഡുകൾ നൽകുകയും ചെയ്തിട്ടുണ്ട്. കരാർ ജീവനക്കാർ ഉൾപ്പടെ എല്ലാ ജീവനക്കാരും ഐ ഡി കർഡുകൾ ഓഫിസ് മേധാവികൾ ഉറപ്പ് വരുത്തണം എന്ന് മേൽ സർക്കുലർ പ്രകാരം നിലനിൽക്കുന്ന ഉത്തരവാണ്. ആയതിനാൽ ഇതിൽ വീഴച്ചയുണ്ടാവുന്നത് ഓഫീസ് മേധാവിയുടെ വീഴച്ചയായി കണക്കക്കുന്നതാണ്. എല്ലാ സർക്കാർ ജീവനക്കാരും ഐ ഡി കാർഡ് ധരിക്കണം എന്ന് വിവിധ ഉത്തരവുകളിലൂടെ സർക്കരും നിർദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ ഈ വിഷയത്തിൽ അലംഭവം തുടരുന്നത് ഗുരുതരമായി കണക്കാക്കുന്നതാണ്.ആയതിനാൽ ഓഫീസ് മേധാവികൾ തഴെ പറയുന്ന നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14**
☎0471-2333337/2333317 0471-2333314 www.mvd.kerala.gov.in ✉tcoffice@keralamvd.gov.in

**ഭരണഭാഷ-മാതൃഭാഷ**

1. സർക്കുലർ 2/2012-ലുള്ള നിർദേശങ്ങൾ നടപ്പിലാക്കുന്നുണ്ട് എന്ന് ആടിയന്തരമായി വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കേണ്ടതുമാണ്.
2. ഐ ഡി കാർഡ് ഇല്ലാത്ത് ഉദ്യോഗസ്ഥർക്ക് ഐ ഡി കാർഡ് എടുക്കുവാനുള്ള നടപടി ഉടനടി സ്വീകരിക്കേണ്ടതാണ്.
3. ഐ ഡി കാർഡ് ഇല്ലാത്ത ആളുകൾ ഓഫീസിൽ അവശ്യമായി തങ്ങുന്നില്ല എന്ന് ഉറപ്പ് വരുത്തി ഭാവിയിൽ ഇത്തരം പരാതികൾക്ക് ഇടവരുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്;
4. ഡിറ്റിസിമാർ, ആർട്ടിഓമാർ മുതലായ മേൽഉദോഗസ്ഥർ പരിശോധനകൾ നടത്തുന്ന സമയത്ത് ഇത് പരിശൊധിക്കേണ്ടതും വീഴച്ചകൾ ശ്രദ്ധയിൽപെട്ടാൽ അച്ചടക്ക നടപടിയെടുക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

ഒപ്പ്/-

ട്രാൻസ്പോർട്ട് കമ്മീഷണർ

പകർപ്പ്/-

റ്റിസി, ജെറ്റിസി,സീനിയർ ഡിറ്റിസി ടാക്സ്, സീനിയർ എഫ് ഓ, സീനിയർ എ ഓ, സീനിയർ എൽ ഓ, ഇവരുടെ സി എ മാർ, വകുപ്പ് ആസ്ഥാനത്തെ സൂപ്രണ്ട് മാർ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

20/5/17

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14
0471-2333337/2333317, 0471-2333314